**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 599

10-07-2012 ലെ
മറുപടിക്ക്.

**കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങൾ**

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്.
ശ്രീ. രാജു എബ്രഹാം.
ശ്രീ. പി.റ്റി.എ. റഹിം.
പ്രൊഫ. സി. രവീന്ദ്രനാഥ്.

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

**ഉത്തരം.**

ശ്രീ. കെ.സി. ജോസഫ്
ബഹു. ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി.

(എ) സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളിലെ നിബന്ധനകൾ കാരണം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിനനുയോജ്യമായ വ്യവസ്ഥകളോടെ നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും ആസൂത്രണ കമ്മീഷനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ മെമ്പർ ശ്രീ. ബി.കെ. ചതുർവേദിയോട് രേഖാമൂലം ആവശ്യപ്പെടുകയുമുണ്ടായി. ഇതിൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത് ചുവടെ സൂചിപ്പിക്കും പ്രകാരമാണ്.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചുവടെ സൂചിപ്പിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

a) ക്ഷീര മേഖല, കയർ മേഖല, ഫിഷറീസ് മേഖല, ഖാദി മേഖല എന്നിവ

b) തീരദേശങ്ങളെ ആസ്പദമാക്കിയുള്ള ജീവനോപാധി, പശ്ചാത്തല സൗകര്യ-ങ്ങൾ വികസിപ്പിക്കൽ

c) മാനുഷിക വികസനത്തിനുള്ള പുതിയ പ്രവൃത്തികൾ (കുടിവെള്ളം, വൈദ്യുതി, ശുചിത്വം മുതലായവ)

d) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

e) കൃഷിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ

f) വനം മേഖല

g) സേവന മേഖലകളിലെ പണികൾ എന്നിവ

2) പി.എം.ജി.എസ്.വൈ പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് അനുയോജ്യമായ മാനദണ്ഡം പുതുക്കാൻ ആവശ്യ-പ്പെട്ടിട്ടുണ്ട്.

3) ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി (ജെ.എൻ.യു.ആർ.എം) നടപ്പിലാക്കുമ്പോൾ അനുമതി ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്. പദ്ധതി നിർദ്ദേശങ്ങൾക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിന് അനുവാദം അഭ്യർത്ഥിച്ചിട്ടുണ്ട്.

4) ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (എൻ.ആർ.എച്ച്.എം) പദ്ധതി കേരളത്തിൽ നടപ്പിലാക്കുമ്പോൾ വയോജനങ്ങളുടെ ആരോഗ്യം അവരുടെ പരിപാലനം എന്നിവകൂടി ഉൾപ്പെടുത്തണം.

5) സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതി കേരളത്തിൽ നടപ്പാക്കുമ്പോൾ എയ്ഡഡ് സ്ക്കൂളുകളെ ഇതിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

6) ഇന്ദിര ആവാസ് (ഐ.എ.വൈ) ഭവന പദ്ധതി കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ അടിസ്ഥാനത്തിൽ ധനസഹായ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഏതെങ്കിലും നിർദ്ദേശം അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ;

(സി) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(ഡി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിലാണ് സംസ്ഥാനത്തിന് വിഷമതകൾ ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ?

(ഡി) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി, പി.എം.ജി.എസ്.വൈ, ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതി, ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ, സർവ്വശിക്ഷാ അഭിയാൻ, ഇന്ദിര ആവാസ് യോജന, എന്നീ പദ്ധതികളുടെ നടത്തിപ്പിലാണ് വിഷമതകൾ ഉണ്ടാകുന്നത്.

Sheela H

സെക്ഷൻ ഓഫീസർ.